# കൈത്താക്കാലം മൂന്നാം ഞായർ

## യോഹ. 9, 1-12

## കഴുകി കാഴ്ച നേടുക

ഇന്നത്തെ സുവിശേഷത്തിൽ ഈശോ അന്ധനായ ഒരു വ്യക്തിയെ പ്രകാശത്തിലേക്ക് നയിക്കുന്ന മനോഹരമായ ഒരു സംഭവമാണ് വിവരിച്ചിരിക്കുന്നത്. പാപാന്ധകാരം നിറഞ്ഞ ലോകത്തിന് പാപമോചനത്തിന്റെയും പ്രത്യശയുടെയും വഴിതെളിച്ച് നിത്യപ്രകാശത്തിന്റെ നാട്ടിലേക്ക് വാതിൽ തുറന്ന സൂര്യതേജസ്സാണ് ഈശോ. എശയ്യാ 42 -ാം അദ്ധ്യായം 7 -ാം വാക്യത്തിൽ അന്ധർക്ക് കാഴ്ച നല്കാൻ അന്ധതയുടെ താഴ്‌വരയിലേക്ക് ദൈവം അയയ്ക്കുന്ന തന്റെ അരുമദാസനെപ്പറ്റി, പ്രകാശസ്രോതസ്സായ ഒരു ഗുരുരൂപനെപ്പററി പരാമർമശിക്കുന്നുണ്ട്. വി. ലൂക്കാ എഴുതിയ സുവിശേഷം 4,18 ൽ ഈശോ ആത്മാവിനാൽ നിറഞ്ഞ് തന്റെ ദൗത്യപ്രഘോഷണം നടത്തുമ്പോൾ അന്ധർക്ക് കാഴ്ച നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് അരുൾച്ചെയ്യുന്നുണ്ട്.

ഈ സംഭവം ഈശോയുടെ വ്യക്തിത്വവും ദൗത്യവുമായി ചേർത്ത് വയ്ക്കുമ്പോൾ അത് സുവിശേഷബന്ധിയായ നിരവധി ചിന്തകളിലേക്ക് നമ്മെ നയിക്കുന്നു. ആദ്യമായി ഉയർന്ന് വരുന്നത് ശിഷ്യന്മാരുടെ ചോദ്യവും ഈശോയുടെ മറുപടിയുമാണ്. ആരുടെ പാപം നിമിത്തമാണ് ഇയാൾ അന്ധനായി ജനിച്ചത്, ഇയാളുടെയോ ഇയാളുടെ മാതാപിതാക്കളുടെയോ എന്നാണ് ശിഷ്യന്മാർ ഗുരുവിനോട് ചോദിച്ചത്. ഈ ചോദ്യം യഹൂദ മതാത്മകതയിൽ അടിസ്ഥാനപ്പെടുത്തിയാണ്. ജീവിതത്തിലെ ദുരന്തങ്ങളും ദുഃഖങ്ങളും ചില മാരകപാപങ്ങളുടെ ശിക്ഷയാണ് എന്ന ചിന്ത യഹൂദ സംസ്കാരത്തിന്റെ ഭാഗമായിരുന്നു. ഈ സംസ്കാരം ശിഷ്യന്മാരുടെ ചോദ്യത്തിൽ നിഴലിക്കുന്നുണ്ട്. എന്നാൽ ഈശോയുടെ മറുപടി അപ്രതീക്ഷിതവും വ്യത്യസ്തവുമാണ്. പിതാക്കൻമാരുടെ പാപം മക്കളെ പിന്തുടരുന്നു എന്ന പരമ്പരാഗത ചിന്ത ഈശോ പൊളിച്ച് എഴുതുകയാണിവിടെ. ആരുടേയും പാപം നിമിത്തമല്ല, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്. തന്റെ ജീവിതത്തിലെ ദുരന്തങ്ങളുടെ ഉത്തരവാദിത്വം മറ്റൊരാളുടെ കർമ്മ ഫലമായി കാണുക ആർക്കും ആശ്വാസാസദായകമാണ്. സ്വന്തം അസ്തിത്വത്തോടുള്ള അർഥപൂർണ്ണമായ പ്രതികരണത്തിൽനിന്നുമുള്ള സമർത്ഥമായ

ഒഴിഞ്ഞുമാറലാണ്. എന്നാൽ ജീവിതത്തിന്റെ വിനാശഭൂമികയിലേക്ക് ദൈവത്തെ വിളിച്ചിറക്കുക എന്നത് അവയെ അംഗീകരിക്കുന്നതിന്, ഉൾക്കൊള്ളുന്നതിന് തുല്യമാണ്. അതിൽ വേദനയുണ്ട്, ത്യാഗമുണ്ട്, എന്തും സ്വീകരിക്കാനുള്ള ധൈര്യമുണ്ട്.

ഇന്നത്തെ സുവിശേഷത്തിൽ ഒരാളുടെ ജന്മനായുള്ള ശാരീരിക വികലതയിൽ കൃപയുടെ വിരൽ സ്പർശം നല്കി വിശ്വാസത്തിന്റെ വെളിച്ചത്തിലേക്ക് ഈശോ അയാളെ സ്വാഗതം ചെയ്യുകയാണ്. ജന്മം മുഴുവൻ തന്റെ ദുര്യോഗമോർത്ത് നീറി നീറി നടന്ന ആ പാവം കുരുടന്റെ ഹൃദയത്തിലേക്ക് ദൈവസ്നേഹം ഒരു നീരരുവിയായി ഒഴുകി ഇറങ്ങുകയാണ്. തങ്ങളുടെ പരമ്പരാഗതമായ വിശ്വാസം വേരോടെ പിഴുതെറിയാൻ ശിഷ്യന്മാർക്കും അന്ധർക്കും പ്രചോദനം നല്കിയ ഈ സംഭവം, ഇത് ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന നമ്മുടെയും വികല വിശ്വാസങ്ങളുടെ വേരുകൾ പിഴുതുമാറ്റാൻ പ്രേരകമാകണം എന്ന് ഈശോ ആഗ്രഹിക്കുന്നു. നമ്മുടെ വേദനകളിലേക്ക്, നൊമ്പരങ്ങളിലേക്ക്, ഏകാന്തതകളിലേക്ക് ദൈവസാന്നിദ്ധ്യത്തെ വിളിച്ചുവരുത്താൻ നമുക്കു കഴിയണം. ഇതാണ് ഇന്ന് ഈശോ നമ്മെ പഠിപ്പിക്കുന്ന പാഠം.

നമുക്കും ഈശോയുടെ സ്പർശനത്തിനായി നമ്മുടെ കാഴ്ചയെയും കാഴ്ച്ചപ്പാടുകളെയും വിട്ടു കൊടുക്കാം. അവനെ ദർശിക്കുന്നതിന് തടസ്സമായി നല്ക്കുന്ന അന്ധതയുടെ ചെതുമ്പലുകൾ അവന്റെ സ്പർശനത്തിലൂടെ നമ്മുടെ മിഴികളിൽനിന്നും അടർന്നു വീഴട്ടെ. വെളിപാടിന്റെ പുസ്തകത്തിൽ പറയുന്നു, നിനക്ക് കാഴ്ച ലഭിക്കുന്നതിന് കണ്ണിലെഴുതാനുള്ള അഞ്ജനം എന്നോടു വാങ്ങുക (വെളി. 3,18). ഇവിടെ കാഴ്ച നല്കാൻ കർത്താവ് തരുന്ന അഞ്ജനം ദൈവാത്മാവുതന്നെയാണ്. അതിനാൽ ആത്മാവിനാൽ നിറഞ്ഞ് വിശ്വാസത്തിന്റെ വെളിച്ചത്തിലേക്ക് കടന്നുവരാനുള്ള ശക്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. അപ്പോൾ, നമ്മുടെ ജീവിതത്തിലെ ദുരന്തങ്ങളിൽ തമ്പുരാന്റെ ഇടപെടുലുകൾ കാണാൻ നമുക്കു കാഴ്ച ലഭിക്കും. ആത്മാവാകുന്ന ജലത്തിൽ കഴുകി വിശ്വാസമാകുന്ന കാഴ്ചനേടുവാൻ ഈശോ നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.